## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1180

01 .07.2015-ൽ
മറുപടിയ്ക്ക്

### 'കാസർഗോഡ് ജില്ലയിലെ റവന്യു അദാലത്തിലെ പരാതികൾ'

ചോദ്യം
ശ്രീ. എൻ. എ. നെല്ലിക്കുന്ന്

മറുപടി
ശ്രീ. അടൂർ പ്രകാശ്
റവന്യുവും കയറും വകുപ്പ് മന്ത്രി

| ചോദ്യം | മറുപടി |
|---|---|
| (എ) കാസർഗോഡ് ജില്ലയിൽ നടത്തിയ റവന്യു അദാലത്തിൽ എത്ര പരാതികളാണ് ലഭിച്ചത്; ഇതിൽ തൽസമയം പരിഹാരം ഉണ്ടാക്കിയ പരാതികൾ എത്രയാണ്; | (എ) കാസർഗോഡ് ജില്ലയിൽ നടത്തിയ റവന്യു അദാലത്തിൽ 2766 പരാതികളാണ് ലഭിച്ചത്. ഇതിൽ 483 അപേക്ഷകളിന്മേൽ തൽസമയം പരിഹാരം ഉണ്ടായിട്ടുണ്ട്. |
| (ബി) അദാലത്തിൽ ലഭിച്ച പരാതികളിൽ ഇനിയും തീർപ്പു കൽപ്പിക്കാൻ ബാക്കിയുള്ളതിൻെറ എണ്ണം എത്രയാണ്; ഈ പരാതികളിൽ തീർപ്പുണ്ടാക്കാൻ വൈകുന്നതിൻെറ കാരണം എന്താണ്; അന്തിമ തീരുമാനം എപ്പോൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) റവന്യു അദാലത്തിൽ ലഭിച്ച അപേക്ഷകളിൽ 1490 എണ്ണം ഇനിയും തീർപ്പു കൽപ്പിക്കാൻ ബാക്കിയുണ്ട്. ഇവയിൽ 1200-ൽ അധികം അപേക്ഷകൾ പട്ടയം ലഭിക്കുന്നതിന് വേണ്ടിയുള്ളതാണ്. ഈ അപേക്ഷകളിൽ വിശദമായ അന്വേഷണം ആവശ്യമായതിനാലാണ് തീർപ്പുണ്ടാക്കാൻ വൈകുന്നത്. ആയതിന്മേലുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ